കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2000 മാർച്ച് 31, വെള്ളി

വാല്യം 110] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 27

നിയമസഭ 2000 മാർച്ച് മാസം 31-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ചോദ്യോത്തരവേള ഉണ്ടായിരുന്നില്ല)

മിസ്റ്റർ സ്പീക്കർ : ഓർഡർ, ഓർഡർ. ഇന്ന് സാധാരണ വെള്ളിയാഴ്ച യല്ല. ഒരസാധാരണ വെള്ളിയാഴ്ചയാണ്. ചോദ്യോത്തരം തന്നെ നാം ഒഴിവാക്കിയിട്ട് ബിസ്സിനസ്സിലേക്ക് കടക്കുകയാണ്. കാര്യവിവരപട്ടികയിലെ ആദ്യത്തെ ഇനം റിപ്പോർട്ട് സമർപ്പണം.

I. റിപ്പോർട്ട് സമർപ്പണം

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : X -ാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകുന്നതു സംബന്ധിച്ച 2000-ത്തിലെ കേരള(ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

II. ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപം

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) സ്പീക്കർ സർ, ചട്ടം 130 പ്രകാരമുള്ള ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

"13.12.1999 -ലെ സുപ്രീംകോടതി വിധിയെതുടർന്ന് സംസ്ഥാനത്തെ പിന്നോക്ക സമുദായങ്ങൾക്കും മതന്യൂനപക്ഷങ്ങൾക്കും ലഭിച്ചുവന്ന സംവരണാനുകൂല്യം നഷ്ടപ്പെടാതിരിക്കാനും അതുപോലെ മുന്നോക്ക സമുദായത്തിൽപ്പെട്ട പാവപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ഉദ്യോഗ നിയമനങ്ങളിൽ ജനറൽ കാറ്റഗറിയിൽനിന്ന് 10 ശതമാനം സംവരണം ചെയ്യുന്നതിനും ഭരണഘടന ഭേദഗതി വരുത്തണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്ന കാര്യം ചർച്ച ചെയ്യണം"

ജാതിയുടെ പേരിൽ നൂറ്റാണ്ടുകളായി അനുഭവിച്ചുവന്നിരുന്ന വിവേചനവും അവസരനിഷേധവും ഒരു ജനവിഭാഗത്തെ സമൂഹത്തിന്റെ പിൻനിരയിലേക്കു തള്ളിമാറ്റിയത് ആർക്കും നിഷേധിക്കാനാവാത്ത ഒരു ചരിത്രസത്യമാണ്. ഈ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണേണ്ടത് പരിഷ്കൃത സമൂഹ

LIBRARY ARCHIVES Kerala Legislative Assembly